**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3503** **02-03-2023 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടിയിൽ അഗ്രികൾച്ചറൽ എൻജിനീയറിങ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിൽ കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി അഗ്രികൾച്ചറൽ എൻജിനീയറിങ് വിഭാഗത്തിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിൽ കോഴിക്കോട് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതിയ്ക്ക് കീഴിൽ 40% മുതൽ 80% വരെ സബ്സിഡിയോടുകൂടി വിവിധ തരം കാർഷിക യന്ത്രോപകരണങ്ങളും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനാവശ്യമായ വിവിധ തരം ഡ്രയറുകൾ, റൈസ് മില്ലുകൾ, ധാന്യങ്ങൾ പൊടിക്കുന്ന യന്ത്രങ്ങൾ തുടങ്ങിയവ കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും സംരംഭകർക്കും നൽകി വരുന്നുണ്ട്. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതി പ്രകാരം സൂക്ഷ്മ ജലസേചന രീതികളായ ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ലർ ഇറിഗേഷൻ, റെയിൻഗൺ സംവിധാനം എന്നിവ സ്ഥാപിക്കുന്നതിന് പദ്ധതി നിബന്ധനകൾ പ്രകാരം അനുവദനീയ ചെലവിന്റെ 55% തുക ചെറുകിട നാമമാത്ര കർഷകർക്കും 45% തുക മറ്റുള്ള കർഷകർക്കും സബ്സിഡിയായി നൽകി വരുന്നുണ്ട്. കൂടാതെ, കുറ്റ്യാടി നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ കാർഷിക യന്ത്രങ്ങളുടെ പരിശീലനവും പരിപാലനവും കൃഷി വകുപ്പിന്റെ ഫാം പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ